പതിനഞ്ചാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2113** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>ആർ. എസ്. എസ്, പി. എഫ്. ഐ, എസ്. ഡി. പി. ഐ പ്രവർത്തകർ പ്രതികളായ കൊലപാതക കേസ്സുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** 2016-2026 കാലയളവിൽ നടന്നതും ആർ. എസ്. എസ്, പി. എഫ്. ഐ, എസ്. ഡി. പി. ഐ എന്നീ സംഘടന പ്രവർത്തകർ പ്രതികളായിട്ടുള്ളതുമായ 2016 നവംബറിൽ നടന്ന മലപ്പുറം ജില്ലയിലെ കൊടിഞ്ഞി ഫൈസൽ വധം, 2017 മാർച്ചിൽ നടന്ന കാസർഗോഡ് റിയാസ് മൗലവി വധം, 2021 ഡിസംബറിൽ ആലപ്പുഴയിലെ കെ എസ് ഷാൻ വധം, 2021 ഡിസംബറിലെ രഞ്ജിത് ശ്രീനിവാസൻ വധം, 2022 ഏപ്രിലിൽ നടന്ന പാലക്കാട് സുബൈർ അബൂബക്കർ വധം, 2022 പാലക്കാട് നടന്ന എസ്.കെ. ശ്രീനിവാസൻ വധം എന്നീ കൊലപാതക കേസുകളിൽ എത്ര പേർ അറസ്റ്റിലായിട്ടുണ്ടെന്നും; ഈ കേസ്സുകളുടെ വിചാരണ നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിൽ ആണെന്നും അറിയിക്കാമോ;

**<u>മറുപടി:</u>** മലപ്പുറം ജില്ലയിലെ കൊടിഞ്ഞി ഫൈസൽ വധവുമായി ബന്ധപ്പെട്ട തിരൂരങ്ങാടി പോലീസ് സ്റ്റേഷൻ ക്രൈം നം.722/2016 കേസിൽ ഉൾപ്പെട്ട ആർഎസ്എസ് പ്രവർത്തകരായ 16 പ്രതികളേയും അറസ്റ്റ് ചെയ്തിട്ടുള്ളതും, ടി കേസ് വിചാരണാവസ്ഥയിലുമാണ്.

കാസർഗോഡ് ജില്ലയിലെ മദ്രസ്സ അധ്യാപകനായിരുന്ന റിയാസ് മൗലവിയുടെ വധവുമായി ബന്ധപ്പെട്ട കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നം.210/2017 കേസിൽ ഉൾപ്പെട്ട ആർഎസ്എസ് പ്രവർത്തകരായ 3 പ്രതികളെ കോടതി കുറ്റവിമുക്തരാക്കിയിട്ടുള്ളതാണ്.

ആലപ്പുഴ ജില്ലയിലെ എസ്ഡിപിഐ പ്രവർത്തകനായ കെ എസ് ഷാനിന്റെ വധവുമായി ബന്ധപ്പെട്ട മണ്ണൻഞ്ചേരി പോലീസ് സ്റ്റേഷൻ ക്രൈം നം.621/2021 കേസിൽ ഉൾപ്പെട്ട ആർഎസ്എസ് പ്രവർത്തകരായ 23 പ്രതികളേയും അറസ്റ്റ് ചെയ്തിട്ടുള്ളതും ടി കേസ് ബഹു.കോടയിൽ വിചാരണാവസ്ഥയിലുമാണ്.

ആലപ്പുഴ ജില്ലയിലെ ബിജെപി പ്രവർത്തകനായിരുന്ന രഞ്ജിത് ശ്രീനിവാസന്റെ വധവുമായി ബന്ധപ്പെട്ട ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷൻ ക്രൈം നം.897/2021 കേസിൽ ഉൾപ്പെട്ട എസ്ഡിപിഐ പ്രവർത്തകരായ 35 പ്രതികളേയും അറസ്റ്റ് ചെയ്തിട്ടുള്ളതും, ഇതിൽ 15 പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുള്ളതുമാണ്. ബാക്കിയുള്ള പ്രതികൾക്കെതിരെയുള്ള കുറ്റപത്രം താമസംവിനാ ബഹു.കോടതിയിൽ സമർപ്പിക്കുന്നതാണ്.

പാലക്കാട് ജില്ലയിലെ എസ്ഡിപിഐ പ്രവർത്തകനായിരുന്ന മുഹമ്മദ് സുബൈർ @ സുബൈർ അബൂബക്കറുടെ വധവുമായി ബന്ധപ്പെട്ട കസബ പോലീസ് സ്റ്റേഷൻ ക്രൈം നം. 203/2022 കേസിൽ

ഉൾപ്പെട്ട ആർഎസ്എസ് / ബിജെപി പ്രവർത്തകരായ 9 പ്രതികളേയും അറസ്റ്റ് ചെയ്തിട്ടുള്ളതും ടി കേസ് ബഹു. കോടതിയിൽ വിചാരണവസ്ഥയിലുമാണ്.

പാലക്കാട് ജില്ലയിലെ ബിജെപി / ആർഎസ്എസ് പ്രവർത്തകനായിരുന്ന എസ്.കെ. ശ്രീനിവാസന്റെ വധവുമായി ബന്ധപ്പെട്ട പാലക്കാട് ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിലെ ക്രൈം നം.318/2022 കേസിൽ ഉൾപ്പെട്ട എസ്ഡിപിഐ പ്രവർത്തകരായ 53 പ്രതികളിൽ 43 പ്രതികളേയും അറസ്റ്റ് ചെയ്തിട്ടുള്ളതും, തുടർന്നുള്ള അന്വേഷണത്തിനായി കേസ് നിലവിൽ NIA-ക്ക് കൈമാറിയിരിക്കുകയുമാണ്.

**(ബി)** പ്രസ്തുത കേസുകളിൽ ഒരോ കേസിലും ഏതെല്ലാം പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന വിശദാംശം പ്രത്യേകം പ്രത്യേകമായി ലഭ്യമാക്കുമോ?

**<u>മറുപടി:</u>** ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**